"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - തൃശ്ശൂർ ജില്ലയിലെ മതിലകം സെന്റ് ജോസഫ്സ് എച്ച് എസ്.എസ് മാനേജർ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.6870/2025/GEDN തീയതി,തിരുവനന്തപുരം, 17-09-2025

പരാമർശം:-
1. തൃശ്ശൂർ, മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ് മാനേജർ സർക്കാരിലേക്ക് സമർപ്പിച്ച 24.06.2025-ലെ അപ്പീൽ ഹർജി.
2. ഇരിഞ്ഞാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23.07.2025-ലെ DEOIJK/2300/2025-B4 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.07.2025-ലെ ഇസി5/14238/2025/ഡിജിഇ നമ്പർ കത്ത്.
4. തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 04.08.2025-ലെ DDETSR/5173/2025-B2 നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ് ലെ ജൂനിയർ ഹിന്ദി അധ്യാപിക ശ്രീമതി റിയാലക്ഷ്മി സി.എസ്-ന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച പരാമർശം (1) അപ്പീൽ ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരനെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 05.08.2025-ന് ശ്രവൽ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) നേരിൽ കേട്ട വേളയിൽ ഹർജിക്കാരനായ മാനേജർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു

തൃശ്ശൂർ ജില്ലയിലെ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ് ലെ ജൂനിയർ ഹിന്ദി ശ്രീമതി. ഷിനി.പി.ഡി യെ 2022-2023 ലെ പ്രതീക്ഷിത എച്ച്.എസ്.ടി (ഹിന്ദി) അധിക തസ്തികയിൽ 01.06.2022 മുതൽ നിയമിച്ച ഒഴുവിൽ ശ്രീമതി. റിയാലക്ഷ്മിയെ ജൂനിയർ ഹിന്ദി തസ്തികയിൽ 01.06.2022 മുതൽ നിയമിക്കുകയുണ്ടായി. പ്രസ്തുത നിയമനം ഇരിങ്ങാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.07.2023 ലെ B4/37397/2022 നം.ഉത്തരവ്, തൃശ്ശൂർ വിദ്യാഭ്യാസ ഡയറക്ടറുടെ 28.05.2024 ലെ നം. ബി2/220014/2023 ഉത്തരവ്, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ 15.02.2025 ലെ നം.ഇ.സി5/764999/2024ലെ ഉത്തരവ്. എന്നിവ പ്രകാരം നിരസിക്കുകയുണ്ടായി. നിയമനം നിരസിക്കുന്നതിനുള്ള കാരണങ്ങൾ ഇവയായിരുന്നു, 01.06.2022 മുതലുള്ള നിയമനം ആയതിനാൽ ഭിന്നശേഷി സംവരണം പാലിക്കേണ്ടതുണ്ട്. 07.07.2023 ലെ സർക്കാർ ഉത്തരവ് G.O.(MS) NO.95/2023/GEDN പ്രകാരം 2022-2023

വർഷത്തെ അധിക ഡിവിഷൻ തസ്തികകൾ അനുവദിച്ചതിൽ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ് ന് അധിക ഡിവിഷൻ തസ്തികകൾ അനുവദിച്ചിട്ടില്ല. ഇത്തരത്തിൽ അനുവദിക്കാത്ത എച്ച.എസ്.ടി ഹിന്ദി തസ്തികയിലേക്ക് നടത്തിയ സ്ഥാനക്കയറ്റ നിയമനത്തിന്റെ പരിണിത ഒഴിവിലാണ് ശ്രീമതി. റിയാലക്ഷ്മിയെ 01.06.2022 മുതൽ ജൂനിയർ ഹിന്ദിയായി നിയമിച്ചിരിക്കുന്നത്. പ്രൊമോട്ടിയുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ല. ഇരിങ്ങാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23.08.2022 നം.ദീ.തീ.ബി4/49517/2022 തസ്തിക നിർണ്ണയ ഉത്തരവിൽ 2022-2023 സ്കൂളിന് 21 അധിക ഡിവിഷനുകൾക്ക് അർഹതയുള്ളതായി കണ്ടെത്തുകയും അത് അംഗീകാരത്തിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ശിപാർശ ചെയ്യുകയും ഉണ്ടായി. 2023-2024 ലെ തസ്തിക നിർണ്ണയ ഉത്തരവിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 19 അധിക ഡിവിഷനുകൾ അനുവദിക്കുന്നതിനാണ് ശിപാർശ ചെയ്തിട്ടുള്ളത്. സ.ഉ.(സാധാ) നം.4466/2025/പൊ.വി.വി തി. 05.07.2025 ഉത്തരവിൽ 2022-23, 2023-24 വർഷങ്ങളിലെ സ്കൂളിലെ അധിക ഡിവിഷനുകളും തസ്തികകളും അനുവദിക്കുന്നതിനായി ബന്ധപ്പെട്ടവരെ നേരിൽ കേട്ട ശേഷം നിലവിലുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അത് അനുവദിക്കുന്നതിനായി യോജ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം അനുവദിക്കുന്ന അധിക ഡിവിഷനുകൾക്കും തസ്തികയ്ക്കും അനുസൃതമായി വ്യവസ്ഥാപിതമാക്കപ്പെടുന്ന എച്ച്.എസ്.ടി ഹിന്ദി തസ്തികയുടെയും അതിലേക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ പരിണിത ഒഴിവായ ജൂനിയർ ഹിന്ദി തസ്തികയിലെ 01.06.2022 മുതലുള്ള ശ്രീമതി. റിയാലക്ഷ്മിയുടെ നിയമനവും അംഗീകരിക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാക്കണമെന്ന് അപേക്ഷിക്കുന്നു.

3) <u>നേരിൽ കേട്ട വേളയിൽ ശ്രീമതി. റിയാലക്ഷമി സി.എസ് മുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

2022-23ലെ പ്രതീക്ഷിത ഹൈസ്കൂൾ ഹിന്ദി വിഭാഗം അധിക ഡിവിഷൻ തസ്തികയിലേക്ക് 01.06.2022 മുതൽ മാനേജർ ശ്രീമതി. ഷിനിപി.ഡിയെ നിയമിച്ച പ്രസ്തുത സ്ഥാനക്കയറ്റ ഒഴിവിലാണ് ജൂനിയർ ഹിന്ദി അദ്ധ്യാപികയായി 01.06.2022 മുതൽ എന്നെ മാനേജർ നിയമിച്ചിട്ടുള്ളത്. ടി. നിയമനം ഇരിങ്ങാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.07.2023 ലെ B4/37397/2022 നം.ഉത്തരവ്, തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 28.05.2024 ലെ നം. ബി2/220014/2023 ഉത്തരവ്, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ 15.02.2025 ലെ നം.ഇ.സി5/764999/2024ലെ ഉത്തരവ് പ്രകാരം മേൽ ഓഫീസുകൾ നിരസിക്കുകയും അതിനെ തുടർന്ന് കെ.ഇ.ആർ അദ്ധ്യായം IXA ചട്ടം 8(5) പ്രകാരം അപ്പീലുകൾ യഥാസമയം മാനേജർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അപ്പീലുകൾ നിരസിക്കാനുണ്ടായ കാരണം.

- സർക്കാർ ഉത്തരവ് GO (MS) No.95/2023 GEDN പ്രകാരം 2022-23 അധിക ഡിവിഷനുകൾ സർക്കാർ അനുവദിച്ചതിൽ മതിലകം സെന്റ് ജോസഫ്സ് ഹൈസ്കൂൾ

ഉൾപ്പെടുന്നില്ല.

- പ്രമോട്ടിയുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ല.

പൊതുവിദ്യഭ്യാസ ഡയറക്ടറുടെ നം. എച്ച്2/5594/2022 തീയതി 15.07.2022 ലെ സ്റ്റാഫ് ഫിക്സേഷൻ സർക്കുലർ പ്രകാരം ആവശ്യമായ കുട്ടികളും ഇൻഫ്രാസ്ട്രക്ചറും ഉണ്ടെങ്കിൽ അധിക തസ്തികകൾക്ക് ശിപാർശ ചെയ്യാമെന്ന് വ്യക്തമായ നിർദ്ദേശം താഴെ ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ബഹു. ഇരിഞ്ഞാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നം. ബി4/49517/2022 തീയതി 23.08.2022 ലെ സ്റ്റാഫ് ഫിക്സേഷൻ ഓർഡറിൽ 2 1 അധിക ഡിവിഷനുകൾ അനുവദിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. 2023-24 സ്റ്റാഫ് ഫിക്സേഷൻ ഓർഡറിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഇരിഞ്ഞാലക്കുട 1 9 അധിക ഡിവിഷനുകൾ അനുവദിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. മേൽ പ്രൊപ്പോസലിന്റെയും മാനേജരുടെ അപ്പീലുകളുടേയും അടിസ്ഥാനത്തിൽ ബഹു. ഗവണ്മെന്റ് സെക്രട്ടറി 12.11.2024ൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഇരിഞ്ഞാലക്കുട, വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം, മാനേജർ എന്നിവരുമായി നേരിൽ കേൾക്കുകയുണ്ടായി. വാദഗതികളുടേയും നിലവിലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിലും സ.ഉ.(സാധാ) നം.4466/2025/പൊ.വി.വി തി. 05.07.2025 പ്രകാരം അധിക ഡിവിഷനുകൾ അനുവദിച്ചു നൽകുന്നതിനായി ഗവണ്മെന്റ് സെക്രട്ടറി പൊതുവിദ്യഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് നൽകിയിട്ടുണ്ട്. വ്യക്തിപരമായി വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ചാണ് കഴിഞ്ഞ നാലു വർഷകാലം സ്കൂളിൽ ജോലിചെയ്തുവരുന്നത്. നിയമനാഗീകാരം ലഭിക്കാതെ അനന്തമായി നീളുന്നത് എന്നെ സംബന്ധിച്ചിടത്തോളം കടുത്ത മാനസിക സംഘർഷം ഉളവാക്കുന്നു. ആയതിനാൽ പ്രത്യേക പരിഗണന ഈ വിഷയത്തിൽ നൽകികൊണ്ട് എത്രയും വേഗത്തിൽ അധിക ഡിവിഷനുകൾ അനുവദിച്ചു നൽകണമെന്നും എന്റെ 01.06.2022 മുതലുള്ള ജൂനിയർ ഹിന്ദി നിയമനം അംഗീകരിക്കുന്നതിനുള്ള ഉത്തരവ് ബഹു. ഇരിഞ്ഞാലക്കുട ജില്ലാ വിദ്യഭ്യാസ ഓഫീസർക്ക് നൽകണമെന്ന് വിനീതമായി അപേക്ഷിച്ചു കൊള്ളുന്നു.

4) <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.</u>

മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്-ൽ ജൂനിയർ ഹിന്ദി അധ്യാപികയായ ശ്രീമതി ഷൈനി.പി.ഡി യെ 2022-23 ലെ പ്രതീക്ഷിത എച്ച് .എസ്.ടി (ഹിന്ദി) അധിക തസ്തികയിൽ 01-06-2022 മുതൽ നിയമിച്ച ഒഴിവിൽ മാനേജർ ശ്രീമതി. റിയാലക്ഷ്മി സി.എസ്.നെ ജൂനിയർ ഹിന്ദി തസ്തികയിൽ 01-06-2022 മുതൽ നിയമിച്ചു. 07/07/2023 ലെ സർക്കാർ ഉത്തരവ് G.O (Ms) No.95/2023/GEDN പ്രകാരം 2022-2023 വർഷത്തെ അധിക ഡിവിഷൻ തസ്തികകൾ അനുവദിച്ചതിൽ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസ് ന് ടി തസ്തിക അനുവദിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ഒഴിവ് വ്യവസ്ഥപിതമല്ലാത്തതിനാൽ നിയമനം നിരസിച്ചു നൽകി. ഇതിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ വിദ്യാഭ്യാസ ഉപഡയറക്ടറും, പൊതു വിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചു നൽകി. അധിക തസ്തിക ഇതുവരെ അനുവദിച്ചു ലഭിച്ചിട്ടില്ല. നിലവിൽ

തസ്തിക ലഭ്യമാകാത്തതിനാലും ശ്രീമതി ഷൈനി.പി.ഡിക്കു എച്ച്.എസ്.ടി നിയമനത്തിന് ആവശ്യമായ കെ-ടെറ്റ് യോഗ്യത ഇല്ലാത്തതിനാലും ടിയാളെ ഈ വർഷം മുതൽ തിരികെ ജൂനിയർ ഹിന്ദി തസ്തികയിലേക്ക് മാറ്റിക്കൊണ്ട് മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസിലേക്ക് കത്ത് സമർപ്പിച്ചിട്ടുണ്ട് . ഈ വർഷത്തെ തസ്തിക നിർണയം അധികഡിവിഷൻ നൽകുന്നതുമായി ബന്ധപ്പെട്ട വിദ്യാലയത്തിൽ ആകസ്മിക സന്ദർശനം നടത്തിയിരുന്നു. മുൻ വർഷങ്ങളിലെ പോലെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് പ്രകാരം 104 മുറികൾക്കാണ് ഫിറ്റ്നെസ് ഹാജരാക്കിയിരിക്കുന്നത്, ഇതിൽ നിന്നും 4 എക്സ്ട്രാ റൂം ഒഴിവാക്കി 100 ക്ലാസ് മുറികൾ അധ്യയനത്തിനായി ഉണ്ട് എന്നാണ് മാനേജർ അവകാശപ്പെടുന്നത് 72 ഡിവിഷനുകൾ ആണ് തസ്തിക നിർണയ പ്രകാരം വിദ്യാലയത്തിൽ അനുവദിച്ചു നൽകിയിരിക്കുന്നത് സന്ദർശനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. 3500ഓളം കുട്ടികളിൽ വിദ്യാർഥികൾ പഠിക്കുന്ന വിദ്യാലയത്തിൽ നടത്തിയ വിശദമായ പരിശോധനയിൽ അധിക ഡിവിഷൻ അനുവദിച്ചു നൽകുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ല എന്ന് ബോധ്യപെട്ടിട്ടുണ്ട് എൽ.പി വിഭാഗം പ്രവർത്തിക്കുന്ന ബ്ലോക്കിൽ അധിക ഡിവിഷൻ അനുവദിക്കുന്നതിനായി ഒഴിവുള്ള ക്ലാസ് റൂമുകൾ ലഭ്യമല്ല. പ്രീ കെ.ഇ.ആർ കെട്ടിടമായ അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്ക് പൊളിച്ചു അവിടെ പുതിയ കെട്ടിടം പണിയാൻ നിലവിൽ അനുമതി ഇരിഞ്ഞാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നൽകിയിട്ടുള്ളതാണ്. സ്ഥല സൗകര്യം കുറവായതിനാൽ തന്നെ അവിടെ നിലവിൽ മൂന്ന് ക്ലാസുകൾ പ്രവർത്തിക്കുന്നുണ്ട്. ഷീറ്റ് മേഞ്ഞ മേൽക്കൂരയും താഴെ ഫാൾസ് സിലിങ് ഉള്ള ക്ലാസ് മുറികളിൽ ആണ് അഞ്ചാം ക്ലാസുകൾ പ്രവർത്തിക്കുന്നത്. ആയതിൽ ക്ലാസ്സ് മുറികൾക്ക് കെ.ഇ.ആർ അനുശാസിക്കുന്ന ആവശ്യമായ അളവുകൾ ലഭ്യമല്ല ഹൈസ്കൂൾ വിഭാഗത്തിൽ ആറു ക്ലാസ് മുറികൾ ഷീറ്റ് മേഞ്ഞ മേൽക്കൂരയും താഴെ ഫാൾസ് സിലിങ് ഉള്ള ക്ലാസ് മുറികൾ ആണ്. നൂറിനു മുകളിൽ അധ്യാപക അനധ്യാപകരുള്ള വിദ്യാലയത്തിൽ ആറു ക്ലാസ് മുറികൾ തന്നെ സ്റ്റാഫ് റൂം ആയി പ്രവർത്തിക്കുന്നതായി കാണുന്നു. ഒൻപത് മുറികളുള്ള ന്യൂ ബ്ലോക്ക് വിഭാഗത്തിൽ മുഴുവനും പ്രീ പ്രൈമറി വിഭാഗം ആണ് പ്രവർത്തിക്കുന്നത് . ഫിറ്റ്നെസ് പ്രകാരം ഇത് വിദ്യാലയത്തിലെ ക്ലാസ്സ് മുറികൾ ആയാണ് രേഖപെടുത്തിയിട്ടുള്ളത്. മറ്റ അധികമുറികൾ ഓഫീസ് റൂം, ലാബ്, ലൈബ്രറി, മൾട്ടീമീഡിയ റൂം, മാനേജർ റൂം, പാചകപ്പുര എന്നിവയെല്ലാം ആയി നിലവിൽ പ്രവർത്തിക്കുന്നു. മുൻ വർഷങ്ങളിലും ഇതേ കെട്ടിടങ്ങൾ തന്നെയാണ് തസ്തിക നിർണയത്തിന് പരിഗണിച്ചിരുന്നത്. ഇതേ സാഹചര്യം തന്നെയാണ് മുൻവർഷങ്ങളിലും ഉണ്ടായിരുന്നത്. ഇതേ കാരണത്താൽ തന്നെയാണ് വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ നിന്നും മുൻവർഷങ്ങളിൽ അധിക ഡിവിഷന് ശിപാർശ ചെയ്യാതിരുന്നത്. അതിനാൽ മാനേജരുടെ അപേക്ഷ പരിഗണനാർഹമല്ല.

5) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ, നിലവിലുള്ള ചട്ടങ്ങൾ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസിലെ ജൂനിയർ ഹിന്ദി ശ്രീമതി.ഷൈനി.പി.ഡി.യെ 2022-23 ലെ പ്രതീക്ഷിത എച്ച്.എസ്.ടി (ഹിന്ദി) അധിക തസ്തികയിൽ 01-06-2022 മുതൽ നിയമിച്ച ഒഴിവിൽ ശ്രീമതി. റിയാലക്ഷ്മി സി.എസിനെ ജൂനിയർ ഹിന്ദി തസ്തികയിൽ 01-06-2022 മുതൽ മാനേജർ നിയമിച്ചു. 07/07/2023 ലെ സർക്കാർ ഉത്തരവ് G.O. (Ms) No.95/2023/GEDN പ്രകാരം

2022-2023 വർഷത്തെ അധിക ഡിവിഷൻ തസ്തികകൾ അനുവദിച്ചതിൽ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസിനു ടി തസ്തിക അനുവദിച്ചിട്ടില്ല. ഇത്തരത്തിൽ അനുവദിക്കാത്ത എച്ച്.എസ്.ടി. (ഹിന്ദി) തസ്തികയിലേക്ക് നടത്തിയ സ്ഥാനക്കയറ്റനിയമനത്തിന്റെ പരിണിത ഒഴിവിലാണ് ശ്രീമതി. റിയാലക്ഷ്മി സി.എസിനെ 01-06-2022 മുതൽ ജൂനിയർ (ഹിന്ദി) തസ്തികയിൽ നിയമിച്ചിരിക്കുന്നതെന്ന കാരണത്താൽ നിയമനം വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചു. അനുവദിക്കാത്ത എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിലേക്ക് നടത്തിയ സ്ഥാനക്കയറ്റ നിയമനത്തിന്റെ പരിണിത ഒഴിവിലാണ് ടി നിയമനം നടത്തിയിരിക്കുന്നത്. പ്രൊമോട്ടിയുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഒഴിവു വ്യവസ്ഥാപിതമല്ല. നിലവിൽ തസ്തിക ലഭ്യമല്ലാത്തതിനാലും ശ്രീമതി. ഷൈനി.പി.ഡിക്കു എച്ച്.എസ്.ടി. നിയമനത്തിന് ആവശ്യമായ കെ-ടെറ്റ് യോഗ്യത ഇല്ലാത്തതിനാലും ടിയാളെ ഈ വർഷം മുതൽ തിരികെ ജൂനിയർ ഹിന്ദി തസ്തികയിലേക്ക് മാറ്റിക്കൊണ്ട് മാനേജർ ഇരിങ്ങാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് കത്ത് സമർപ്പിച്ചിട്ടുമുണ്ട്. ടി സാഹചര്യത്തിൽ മതിലകം സെന്റ് ജോസഫ്സ് എച്ച്.എസ്.എസിലെ ശ്രീമതി.റിയാലക്ഷ്മി.സി.എസ്-ന്റെ 01-06-2022 മുതലുള്ള ജൂനിയർ (ഹിന്ദി) തസ്തികയിലെ നിയമനം അംഗീകരിക്കണമെന്ന ആവശ്യം പരിഗണനാർഹമല്ല. ആയതിനാൽ പരാമർശം (1) അപ്പീൽ ഹർജി നിരസിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASWATHY K

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഇരിങ്ങാലക്കുട.

മാനേജർ, സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്, മതിലകം, തൃശ്ശൂർ - 680 685

ശ്രീമതി.റിയാലക്ഷ്മി സി.എസ്, ജൂനിയർ ഹിന്ദി അദ്ധ്യാപിക, സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്, മതിലകം, തൃശ്ശൂർ - 680 685

പ്രധാനാദ്ധ്യാപകൻ, സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്, മതിലകം, തൃശ്ശൂർ - 680 685

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 18-09-2025 10:34:39